LIBRARY ARCHIVES Kerala Legislative Assembly

ആയുർവേദാശുപത്രികളിൽ ആവശ്യമായ മരുന്ന് അനുവദിക്കാൻ നടപടി

146 [151] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആയുർവേദ ആശുപത്രികളിൽ (ജില്ല, താലൂക്ക് ഡിസ്പെൻസറി) അനുവദിക്കുന്ന മരുന്ന് പകുതി രോഗികൾക്കുപോലും തികയുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ആയുവേദ ആശുപത്രിയിൽ ചികിത്സക്കായി എത്തുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാൽ അവർക്ക് ആവശ്യമായ മരുന്നുകളുടെ തോത് വർദ്ധിപ്പിക്കുന്നതിനോടൊപ്പം പാത്തിപോലുള്ള ആയുർവേദ ചികിത്സക്കുള്ള ഉപകരണങ്ങൾ അനുവദിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്.

(സി) ആവശ്യകത അനുസരിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്.

ആയുർവേദ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരീക്ഷ സമ്പ്രദായം

147 [152] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നത്; വിദ്യാഭ്യാസ സ്ഥാപനങ്ങൾ തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആയുർവേദ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിവിധ പാഠ്യപദ്ധതികളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ ഫൈനൽ പരീക്ഷയ്ക്ക് ഇരിക്കുവാൻ വേണ്ടുന്ന ഹാജർ നേടിയശേഷം പരീക്ഷ എഴുതുന്നത് മാറ്റിവയ്ക്കുന്ന സാഹചര്യത്തിൽ വീണ്ടും അതേ പാഠ്യപദ്ധതിയിൽ പ്രവേശനം നേടിയ ശേഷമാണോ ഫൈനൽ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഹാജർ നേടിയ വിദ്യാർത്ഥികൾക്ക് കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുവാനും അവരെ ഫൈനൽ പരീക്ഷയ്ക്ക് ഇരുത്തുവാനും പുതുതായി വ്യവസ്ഥ ചെയ്യേണ്ടതുണ്ടോ എന്ന് വെളിപ്പെടുത്തുമോ;